# ഇടവക ദൂതൻ

(Private Circulation Only)

2018 March / April Vol. 37 Issue: 2




## ST. STEPHEN'S C.S.I. CHURCH

Vicar. REV. JOSEPH THOMAS
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232
email : csichurchmundiappally@gmail.com Website: www.csimdply.org
Estd. 1867






ആത്മായസംഘടനയുടെ നേതൃത്വത്തിൽ
തോട്ടപ്രദേശ മിഷൻ സന്ദർശിച്ചപ്പോൾ

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



ക്രിസ്തുയേശുവിൽ സ്നേഹവന്ദനം...

എരിവും തീഷ്ണതയും ആവശ്യപ്പെടുന്ന നേരമാണ് നോമ്പു കാലം. നേരുള്ള നോമ്പ് നോവുള്ളതാണ്. ചിലപ്പോഴെങ്കിലും നമുക്ക് തെറ്റായ ഒരു ധാരണ ഉണ്ടാകാറുണ്ട്. നോമ്പ് വർജ്ജനങ്ങളുടെ കാലമാണെന്ന്. എന്നാൽ അത് ആർജ്ജനങ്ങളുടെ കാലമാണ്. നിശ്ചയമായും ഏറിയ ആത്മബലം സ്വീകരിക്കുന്നതിനുള്ള നാളുകൾ. ചില പുതിയ ശീലങ്ങൾ സ്വായത്തമാക്കുക എന്നത് നിസ്സാരമല്ല. പുതിയ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും സത്യത്തോട് സന്ധിയാകുന്നതിനും നൊമ്പരപ്പെടേണ്ടിവരും. കണ്ണികൾ വിളക്കിച്ചേർക്കുമ്പോൾ തീയാളേണ്ടത് സ്വാഭാവികമാണല്ലോ? നമ്മുടെ സ്വന്ത കാര്യങ്ങൾ നമ്മേക്കാൾ താല്പര്യത്തോടെ ഇടപെടുന്ന ദൈവമുണ്ടെന്നു തിരിച്ചറിയാതെ പോകുന്നതുകൊണ്ടാവും നോമ്പുകളൊന്നും നമുക്ക് പോരാട്ടമാകാത്തത്. തീച്ചൂള ഒഴിവാക്കിക്കൊണ്ട് നാം ഇന്ന് നടക്കുക. സുരക്ഷിത സ്ഥലങ്ങളിലെ തണുപ്പന്വേഷിച്ച് നാം ഒഴിഞ്ഞുമാറുമ്പോൾ നമുക്ക് പോരാട്ടങ്ങളില്ല. അതുകൊണ്ട് തന്നെ നമ്മുടെ ജീവിതങ്ങൾക്ക് ഒട്ടു ചൂടും വെളിച്ചവും ഇല്ലാതെ പോകുന്നു.

നമ്മുടെ ജീവിതം സ്വയം ശോധനയുടെയും സമർപ്പണത്തിന്റെയും ഭാഗമായി തീരേണ്ട സമയമാണിത്. പന്തിഭോജനത്തിൽ കാലു കഴുകാൻ വിസമ്മതിക്കുന്ന പത്രൊസിനോട് യേശു പറയുന്നു: “ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.” അതായത് പത്രൊസിന് യേശുവിനോടുകൂടെ പങ്കുണ്ടാകുന്നത് കാൽ കഴുകുന്നതുകൊണ്ടാണെന്നർത്ഥം. ജീവിതത്തിൽ പങ്കുകാരാകേണ്ടത്, പരസ്പരം ബന്ധത്തിലാകുന്നത് കാൽ കഴുകുന്നതിലൂടെയാണ്. കർത്താവ് തന്റെ മേലങ്കികൾ അഴിച്ചുവച്ച് പാദക്ഷാളകന്റെ വേഷം ധരിച്ച് ശിഷ്യരുടെ പാദങ്ങളിലെ ഭൂതകാലത്തിന്റെ ശേഷിപ്പുകളെ തുടച്ചുനീക്കിക്കൊണ്ട് യേശു ലോകത്തിന് പുതിയ ഒരു ഉൾക്കാഴ്ച പകർന്നതിന്റെ ഓർമ്മകളുമായി പെസഹവ്യാഴം വിരുന്നെത്തുകയാണ്. ഗുരുവിനും യജമാനനും വലിയ സ്ഥാനങ്ങൾ നല്കിയിരുന്ന സാമൂഹ്യ പശ്ചാത്തലത്തിലാണ് ഗുരുവെന്ന് അംഗീകരിച്ചവൻ അടിമകൾ മാത്രം ചെയ്തിരുന്ന ജോലിയിലേക്ക് സ്വയം താഴ്ത്തിയത്. തന്റെ സ്വകാര്യ ദുഃഖ

ങ്ങളുടെയും ഹൃദയവ്യഥകളുടെയും പശ്ചാത്തിലൊരുക്കിയ അത്താഴവിരുന്നിൽവച്ച് ശിഷ്യരുടെ ഭൂതകാലങ്ങളെ തുടച്ചുമിനുക്കി അവരെ ഒരു പുതിയ വഴിത്താരയിലേക്ക് യേശു കൂട്ടിക്കൊണ്ടു പോവുകയാണ്. ഇടതും വലതും അധികാരസ്ഥാനങ്ങൾ തിരഞ്ഞ, രാത്രിയുടെ അന്ത്യയാമങ്ങളിൽപോലും തങ്ങളിൽ വലിയവനാരാണെന്ന് തർക്കിച്ച ശിഷ്യരുടെ സ്വാർത്ഥതയുടെ സങ്കുചിത തത്വങ്ങളിൽനിന്ന് പരോന്മുഖതയുടെ ചക്രവാള വിശാലതയിലേക്ക് യേശു കൂട്ടിക്കൊണ്ടു പോകുന്നു. ശിഷ്യരുടെ പാദങ്ങൾ കഴുകി തുടച്ചശേഷം അവൻ പറഞ്ഞു: "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന ഞാൻ നിങ്ങൾക്ക് ഒരു മാതൃക തന്നിരിക്കുന്നു."

ഉദാത്തമായ ഈ മാതൃകയുടെ വികൃതാനുകരണങ്ങളായി നമ്മുടെ ജീവിതങ്ങൾ മാറിപ്പോയില്ലേ? ഒത്തിരിയേറെ സന്തോഷത്തോടും നിശ്ചയദാർഢ്യത്തോടും കൂടി യേശു അഴിച്ചുവച്ച അധികാരത്തിന്റെ മേലങ്കികളെ വാരിവലിച്ചണിയാൻ എല്ലാവരും മത്സരിക്കുന്ന കാലമാണിത്. യേശുവിന്റെ മാതൃക അനുകരിക്കുവാനും അടുത്തറിയുവാനും ഇറങ്ങിത്തിരിച്ച് പരാജിതരാവുകയാണ് നാം. ക്രിസ്തുവിന് ശുശ്രൂഷ ആഭരണമല്ലായിരുന്നു. വെറും ആദർശമോ, തത്വചിന്തയോ അല്ലായിരുന്നു. അവന് ശുശ്രൂഷ ജീവിതമായിരുന്നു. ആർക്കും ഇഴപിരിക്കാനാവാത്തവിധം അവനോട് ചേർന്നുനിന്ന ജീവിതം.

ഈ നോമ്പുനാളുകൾ ഒരു കഴുകലിന്റെയും പുതുക്കത്തിന്റെയും അനുഭവത്തിൽ ജീവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

**ജോസഫ് അച്ചൻ**

## കൂട്ടായ്മയോഗം

**മാർച്ച് ഏപ്രിൽ 2018**

04.04.18 – ഏബ്രഹാം വർഗീസ് മഠത്തിൽ
11.04.18 – മാത്യു യോഹന്നാൻ തുരുത്തുമല തകിടിയിൽ
18.04.18 – പി.സി. കുര്യൻ പാമല പുത്തൻവീട്ടിൽ
25.04.18 – പി.വി. മാത്യു പാറടിയിൽ
02.05.18 – സാം സി. കുരുവിള ഇലവുങ്കൽ മേലേക്കുറ്റ്

# വാർത്തകളും കുറിപ്പുകളും

## വാർത്തകളും കുറിപ്പുകളും

**വിശുദ്ധ സ്നാനം**

| പേര് | വീട്ടുപേര് | ജനനതീയതി | സ്നാനതീയതി |
|---|---|---|---|
| ആരൻ തോമസ് മുണ്ടയ്ക്കൽ | മുണ്ടയ്ക്കൽ | 11.01.2017 | 15.01.2018 |

**വിശുദ്ധ വിവാഹം**

ഇലഞ്ഞിമൂട്ടിൽ ചെറിയാൻ യോഹന്നാന്റെയും പരേതയായ മറിയാമ്മ ചെറിയാന്റെയും മകൻ സൈജു വർഗീസ് ചെറിയാനും കുമ്പഴ ശാലോം മാർത്തോമ്മ സഭയിൽ കാവടശ്ശേരിൽ സി.ഡി. ഫിലിപ്പോസിന്റെയും റോസമ്മ ഫിലിപ്പോസിന്റെയും മകൾ സിനി കെ. ഫിലിപ്പും തമ്മിൽ വിവാഹിതരായി.

**ചരമം**

കരിപ്പക്കുഴിയിൽ പി.എ. അലക്സാണ്ടർ (86) 13.02.2018ൽ നിര്യാതനായി. വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

**ജില്ലാ കൂട്ടായ്മ**

തിരുവല്ല ജില്ലാ കൂട്ടായ്മ മാർച്ച് 10-ാം തീയതി മുണ്ടിയപ്പള്ളി സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ. സഭയിൽവച്ച് നടത്തപ്പെടുന്നു.

**സ്ത്രീജനസഖ്യ കലാമേള**

മഹായിടവക സ്ത്രീജനസഖ്യ കലാമേള മാർച്ച് 10-ാം തീയതി കോട്ടയത്തുവച്ച് നടത്തപ്പെടുന്നു. നമ്മുടെ ശാഖയിൽനിന്ന് വിജയികളായവർ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.

**വി.ബി.എസ്.**

നമ്മുടെ വി.ബി.എസ്. എപ്രിൽ 2-12 വരെ നടത്തപ്പെടുന്നതാണ്. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്കായി ക്രമീകരിക്കപ്പെടുന്ന ഈ വേദപഠന ക്ലാസുകളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാൻ ഉത്സാഹിക്കണം. അദ്ധ്യാപകരായി, വോളന്റിയേഴ്സായി സേവനം ചെയ്യുവാനും സഭാജനങ്ങൾ കഴിഞ്ഞ നാളുകളിലെപോലെ തന്നെ സഹകരിക്കണം. പ്രാർത്ഥനയും സാമ്പത്തിക സഹായങ്ങളും നൽകാൻ എല്ലാവരും ഉത്സാഹിപ്പിക്കണം.

**ഇടവക കൺവൻഷൻ, കുടുംബ ഞായർ**

നമ്മുടെ ഇടവക കൺവൻഷൻ, കുടുംബ ഞായർ എന്നിവ വളരെ അനുഗ്രഹകരമായി നടത്തപ്പെട്ടു. പ്രഗത്ഭരായ പ്രസംഗകർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. പ്രാർത്ഥനാപൂർവ്വം ശുശ്രൂഷകളിൽ സഹകരിച്ച എല്ലാവരോടും നന്ദി അർപ്പിക്കുന്നു.

**നോയ്മ്പ് ആരാധനകൾ**

**ബുധൻ ആരാധനകൾ**

നോയ്മ്പ് നാളുകളിൽ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 7.00 മണി മുതൽ ധ്യാനയോഗം നടത്തപ്പെടുന്നതാണ്. സഭാജനങ്ങളുടെ സജീവ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

**ഹോശന്നാ ഞായർ**

ഹോശന്നാ ഞായർ ആചരണം മാർച്ച് 25-ാം തീയതി രാവിലെ 10.00 മണിക്ക് വിശുദ്ധ സംസർഗ്ഗത്തോടുകൂടി നടത്തപ്പെടുന്നതാണ്. ഹോശന്നാ ഞായർ മുതൽ ബുധനാഴ്ച വരെ എല്ലാ ദിവസവും വൈകിട്ട് 7.00 മണിക്ക് ധ്യാനയോഗം നടത്തപ്പെടുന്നതാണ്.

**പെസഹ വ്യാഴം**

പെസഹ വ്യാഴ ദിനത്തിൽ വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ നടത്തപ്പെട്ടുന്ന സമയങ്ങൾ:

9.00 am - പ്രായമായവർക്കുവേണ്ടി

7.00 pm - വിശുദ്ധ സംസർഗ്ഗം

**വലിയ വെള്ളി**

ഈ വർഷത്തെ വലിയ വെള്ളി ആചരണം മാർച്ച് 30-ാം തീയതി രാവിലെ 9.00 മണി മുതൽ ആചരിക്കപ്പെടുന്നതാണ്. ശുശ്രൂഷയിൽ എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. ആരാധനാനന്തരം ഏവർക്കും ഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്.

**ഉയിർപ്പു ഞായർ**

ഉയിർപ്പു ഞായർ ആചരണം വിശുദ്ധ സംസർഗ്ഗത്തോടുകൂടി ഏപ്രിൽ 1-ാം തീയതി രാവിലെ 4.30 മണിക്ക് ആചരിക്കപ്പെടുന്നതാണ്.



# ഈസ്റ്റർ മാനവരാശിയുടെ രക്ഷയും പ്രത്യാശയും



പ്രൊഫ. വറുഗീസ് റ്റി.
കുരുവിള, തൈപ്പറമ്പിൽ

വീണ്ടും ഒരു ഈസ്റ്റർ കാലം കൂടി സമാഗതമായിരിക്കുന്നു. ഈസ്റ്റർ എന്നത് ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് പെരുന്നാൾ ആകുന്നുവല്ലോ. യേശുക്രിസ്തുവിന്റെ കുരിശുമരണവും ഉയർത്തെഴുന്നേല്പും ലോകചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ചരിത്രത്തിൽ ഒറ്റപ്പെട്ടുനില്ക്കുന്ന ഈ സംഭവം മനുഷ്യമനസ്സിൽ ഒരു അത്ഭുതമായി എന്നെന്നും നിലനിൽക്കുന്നു. മനുഷ്യകുലത്തിന്റെ ചിന്തകളെയും വിശ്വാസങ്ങളെയും, ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും, സദാചാര നിയമങ്ങളെയും സാമൂഹ്യജീവിതത്തെ തന്നെയും സ്വാധീനിച്ചിട്ടുള്ള മർമ്മപ്രധാനമായ സംഭവം. പുനരുത്ഥാനം എന്ന യാഥാർത്ഥ്യത്തെ ഒരു കെട്ടുകഥ മാത്രമായി കാണുവാൻ ആധുനിക മനുഷ്യൻ തത്രപ്പെടുന്നതും ഈ നാളുകളിൽ നാം കാണുന്നു.

എന്നാൽ സഭയുടെ ഉത്ഭവം, വളർച്ച, ധർമ്മം, സേവനം തുടങ്ങിയവ വിലയിരുത്തുമ്പോൾ ക്രിസ്തുസഭയുടെ അടിസ്ഥാന വിശ്വാസം, ഉയർത്തെഴുന്നേല്പ് തന്നെ എന്നു വ്യക്തമാകുന്നു. അപ്പൊസ്തലന്മാരും വിശ്വാസവീരന്മാരും കാലാകാലങ്ങളിൽ ഊന്നൽ നല്കി ഘോഷിക്കുന്ന നിത്യ സത്യവും അതു തന്നെയാണ്. വിശുദ്ധ ഗ്രന്ഥത്തിലെ "അപ്പൊസ്തല പ്രവൃത്തികൾ" അറിയപ്പെടുന്നത് "ഉയർത്തെഴുന്നേല്പിൻ സുവിശേഷം" (The Gospel of Resurrection) എന്നാകുന്നു എന്നതും പ്രസക്തമാണ്.

മാനവരാശിക്ക് ഈസ്റ്റർ നല്കുന്ന സന്ദേശം പ്രത്യാശ, വിമോചനം, രക്ഷ എന്നിവയാണ്. രോഗികൾക്ക് സൗഖ്യവും പീഡിതർക്ക് വിമോചനവും അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസവും പാപികൾക്ക് രക്ഷയും ഉയർത്തെഴുന്നേറ്റ യേശുവിൽക്കൂടി സാദ്ധ്യമായി. യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവും നൂറ്റാണ്ടുകളായി വ്യക്തികളെയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ ആയി തുടരുന്നു. പുനരുത്ഥാനം തിന്മകൾക്കെതിരെയുള്ള ദൈവശക്തിയുടെ വിജയം ആകുന്നു.

എന്നാൽ ആനുകാലികതയിൽ യേശുവിനെ ദർശിക്കുവാൻ, തന്റെ നിസ്തുല്യ സ്നേഹത്തെ രുചിച്ചറിയുവാൻ കഴിയാതെ പോകുന്നത് ഉയർപ്പിന്റെ അനുഭവം നമ്മുടെ ജീവിതത്തിൽ അംഗീകരിക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയാതെ പോകുന്നതുകൊണ്ടാണ്. അതുകൊണ്ട് ഈ നോമ്പും പീഡാനുഭവവും ഉയർപ്പും എക്കാലവവുംമുള്ള നാമമാത്രമായ ആചരണംപോലെ ആയിത്തീരാതെ ഏവർക്കും പുതുജീവനും ചൈതന്യവും പ്രത്യാശയും പ്രദാനം ചെയ്യുന്ന അനുഭവമാക്കി മാറ്റുവാൻ ജീവിതത്തെ ക്രമപ്പെടുത്താം. അതിഭൗതികതയുടെ അതിപ്രസരത്തിൽനിന്നും മുക്തമാകാം. അനുതാപ ഹൃദയത്തോടെ ക്രൂശിങ്കലേക്ക് ചെല്ലാം. സഹനത്തിൽക്കൂടിയും പ്രാർത്ഥനയിൽക്കൂടിയും ഒരു സമ്പൂർണ്ണ സമർപ്പണത്തിലേക്ക് എത്തിച്ചേരാം. നമ്മെത്തന്നെ ഒരു ആത്മപരിശോധനയ്ക്ക് വിധേയപ്പെടുത്താം. പുനരുത്ഥാനം ചെയ്ത യേശുവിന്റെ കൃപ ആയതിന് നമ്മെ സഹായിക്കുമാറാകട്ടെ.

## ഫെബ്രുവരി മാസം വരെ ആരാധനയ്ക്കുശേഷം കാപ്പി നൽകിയവരുടെ പേരുവിവരങ്ങൾ

| | | |
|---|---|---|
| 29.10.17 | – | ബെൻസി കെ. തോമസ് തൊട്ടിപ്പാറയ്ക്കൽ |
| 05.11.17 | – | എം.സി. ഏബ്രഹാം മൈലക്കൽ |
| 12.11.17 | – | പി.കെ. കോശി ഒറ്റപ്ലാമൂട്ടിൽ |
| 19.11.17 | – | പി.ജി. വർഗീസ്കുട്ടി മണ്ണിൽ പീസ്ലാൻഡ് |
| 26.11.17 | – | സാബു ഏബ്രഹാം തുരുത്തുമല |
| 3.12.17 | – | ജോൺസി ജേക്കബ് കച്ചിറ |
| 10.12.17 | – | സാം വി. ജേക്കബ് തൈപ്പറമ്പിൽ |
| 30.12.17 | – | കെ.കെ. കുരുവിള കുളങ്ങര സാജൻവില്ല |
| 31.12.17 | – | വർക്കി കുരുവിള തൈപ്പറമ്പിൽ |
| 07.01.18 | – | സി. ജേക്കബ് താഴികയിൽ ഡോൺഹിൽ |
| 14.01.18 | – | ചാണ്ടി അലക്സാണ്ടർ ആഞ്ഞിലിമൂട്ടിൽ |
| 21.01.18 | – | കെ.കെ. ജോർജ് കൊച്ചുതുണ്ടിയിൽ |
| 28.01.18 | – | മനു ജോൺ ഇലവുങ്കൽ |
| 04.02.18 | – | ഡോ. മാത്യു ജോൺ വല്യേട്ട് |
| 14.02.18 | – | ചെറിയാൻ യോഹന്നാൻ ഇലഞ്ഞിമൂട്ടിൽ |
| 18.02.18. | – | കെ.എ. ജോൺ കാലാപ്പറമ്പിൽ |
| 25.02.18 | – | കെ.ജെ. വർഗീസ് കോട്ടയ്ക്കപ്പറമ്പിൽ |

**എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു!**
**ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!!**

# തോട്ടപ്രദേശ മിഷൻ സന്ദർശനം

എബ്രഹാം സി. ജോർജ് ചേച്ചാകുന്നേൽ



സഹ്യസാനുക്കളിലെ ഗ്രാമങ്ങളിലൂടെയുള്ള ഈ മിഷൻ യാത്ര വളരെ ആനന്ദപ്രദവും ഉല്ലാസകരവുമായിരുന്നു. കുന്നുകളും മലകളും അഗാധമായ താഴ്‌വരകളും നിറഞ്ഞ ഗ്രാമങ്ങൾ. എവിടെയും പച്ചപരവതാനി വിരിച്ചതുപോലെ കാണപ്പെടുന്ന ഭൂപ്രദേശം. ഈ കാഴ്ചകൾ കാണുമ്പോഴാണ് ദൈവിക സൃഷ്ടിയുടെ മഹത്വവും മനോഹരിത്വവും നാം മനസ്സിലാക്കുന്നത്.

ഈ ഗ്രാമഭംഗി കണ്ട് മഹാകവി ചങ്ങമ്പുഴ പാടി:

“മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റോരാലസൻ ഗ്രാമഭംഗി.”

കരളും മിഴിയും കവർന്നു മിന്നുന്ന ഈ ഗ്രാമഭംഗി ആസ്വദിക്കുവാനും അവിടെയുള്ള നമ്മുടെ മിഷൻ വയലുകളും വിശ്വാസികളെയും കാണുന്നതിനായി 2018 ഫെബ്രുവരി മാസം 6-ാം തീയതി രാവിലെ 7.00 മണിയോടുകൂടി 42 പേരടങ്ങുന്ന സംഘം റവ. ജോസഫ് തോമസ് അച്ചന്റെയും അത്മായ സെക്രട്ടറി സാബു ജേക്കബിന്റെയും നേതൃത്വത്തിൽ നമ്മുടെ പള്ളിയുടെ കാമ്പസിൽനിന്ന് യാത്ര തിരിച്ചു. ഏതാണ്ടു പത്തു മണിയോടുകൂടി ഞങ്ങൾ മുണ്ടക്കയത്ത് എത്തി. റവ. ജേക്കബ് റ്റി. ഏബ്രഹാം അച്ചനും രണ്ടു മിഷൻ വർക്കേഴ്സും ഞങ്ങളെ സ്വീകരിച്ചു. ഹോട്ടലിൽനിന്നു പ്രഭാത ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ മിഷൻ വയലുകളിൽ സന്ദർശനം ആരംഭിച്ചു.

ഇവിടെ തോട്ടപ്രദേശ മിഷനിൽ 9 മിഷൻ കേന്ദ്രങ്ങൾ ഉണ്ട്. 4 മിഷൻ വർക്കേഴ്സും ഒരു പട്ടക്കാരനും ഇവിടുത്തെ ആത്മീയ ശുശ്രൂഷകൾക്കു നേതൃത്വം നൽകിവരുന്നു.

**സന്ദർശിച്ച മിഷൻ കേന്ദ്രങ്ങൾ**

**1. പാലൂർക്കാവ്**

ആദ്യത്തെ സന്ദർശനം പാലൂർക്കാവ് എന്ന മലയുടെ ചരുവിലുള്ള സെന്റ് പീറ്റേഴ്സ് സി.എസ്.ഐ. ചർച്ച് ആയിരുന്നു. ഇവിടെ 32 സി.എസ്.ഐ. കുടുംബങ്ങൾ ഉണ്ട്. ഈ സഭ രൂപീകൃതമായിട്ട് 40 വർഷം ആയി. ഇവിടെയാണു റവ. ജേക്കബ് റ്റി. ഏബ്രഹാം അച്ചൻ താമസിക്കുന്നത്. അവിടെ ഞങ്ങളെ സ്വീകരിക്കാൻ അച്ചന്റെ കൊച്ചമ്മയും വിശ്വാസ സമൂഹവും കാത്തുനിൽപ്പുണ്ടായിരുന്നു. വളരെ പ്രകൃതിരമണീയമായ ഒരു സ്ഥലമാണ്. പള്ളിയിൽ ഞങ്ങൾ പാടി, പ്രാർത്ഥിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

**2. സെന്റ് തോമസ് സി.എസ്.ഐ. ചർച്ച്, കൊമ്പുകുത്തി**

തുടർന്ന് ഞങ്ങൾ സന്ദർശിച്ച സ്ഥലം കൊമ്പുകുത്തിയിലുള്ള മിഷൻ വയലാണ്. മുണ്ടക്കയത്തുനിന്ന് 13 കി.മീ. അകലെ കോരുത്തോടു റോഡിൽ ഈ പള്ളി സ്ഥിതിചെയ്യുന്നു. ഷാർജ് യൂത്ത് മൂവ്മെന്റിന്റെ സഹായത്താൽ പണിത ഈ പള്ളി 29.7.2007ൽ റവ. തോമസ് സാമുവേൽ തിരുമേനി പ്രതിഷ്ഠിച്ചതാണ്. യേശു മാറാത്ത

വൻ എന്ന പാട്ടുപാടി ഞങ്ങൾ അവിടെ ദൈവത്തെ സ്തുതിച്ചു.

**3. അസ്സെൻഷൻ സി.എസ്.ഐ. ചർച്ച്, കുഴിമാവ്**

മുണ്ടക്കയത്തുനിന്ന് 15 കി.മീ. കോരുത്തോടു റോഡിൽ സഞ്ചരിച്ചാൽ ഈ ദേവാലയത്തിൽ എത്താം. 1994ൽ റവ. സാം ജോൺസൺ അച്ചനാണു ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ 14 ഭവനങ്ങളും 50 അംഗങ്ങളും ഉണ്ട്. വടവാതൂർ സി. എസ്.ഐ. ചർച്ചിന്റെ സഹായത്തോടുകൂടി പണിത ദേവാലയത്തിന്റെ പ്രതിഷ്ഠ 2002ൽ റവ. സാജൻ ഇടിക്കുള അച്ചൻ നടത്തി. ഇവിടെ ആരാധന കൂടാതെ സൺഡേ സ്കൂൾ ക്ലാസുകളും നടത്തുന്നുണ്ട്.

**4. സെന്റ് ജോൺസ് സി.എസ്.ഐ. ചർച്ച്, പനക്കച്ചിറ**

മുണ്ടക്കയത്തുനിന്ന് 12 കി.മീ. കോരുത്തോടു റോഡിൽ ഈ ദേവാലയം സ്ഥിതി ചെയ്യുന്നു. 52 ഭവനങ്ങളും 92 അംഗങ്ങളും ഉണ്ട്. മി. ജേക്കബ് ജോൺ ഇവിടുത്തെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു.

**5. സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ. ചർച്ച്, കപ്പൽവേങ്ങി**

പാഞ്ചാലി മേടിനുള്ള റോഡിൽ മുണ്ടക്കയത്തുനിന്നു 18 കി. മീ. അകലെ ഈ മനോഹര ദേവാലയം സ്ഥിതി ചെയ്യുന്നു. ബസ് പോകാൻ ബുദ്ധിമുട്ടുള്ള സ്ഥലമായതിനാൽ ഞങ്ങൾക്ക് അവിടെ സന്ദർശിക്കുവാൻ സാധിച്ചില്ല. 5 ഭവനങ്ങളും 15 അംഗങ്ങളും ഉണ്ട്.

സമയം ലഭിക്കാതിരുന്നതിനാൽ പിന്നീടുള്ള മിഷൻ വയലുകൾ സന്ദർശിക്കുവാൻ സാധിച്ചില്ല.

**സെന്റ് ജോർജ് സി.എസ്.ഐ. ചർച്ച്, പള്ളിക്കുന്ന്**

1856ൽ ഹെൻട്രി ബേക്കർ ജൂനിയർ പണികഴിപ്പിച്ച 'ഇംഗ്ലീഷ് പള്ളി' എന്നറിയപ്പെടുന്ന ഈ ദേവാലയം സന്ദർശിക്കുവാൻ സാധിച്ചതു ഏറ്റവും ആനന്ദവും അനുഗ്രഹപ്രദവുമായിരുന്നു. ഈസ്റ്റ് കേരള മഹായിടവകയുടെ കീഴിലുള്ള ഒരു ദേവാലയമാണ് ഇത്.

ഇവിടെയാണു കേണൽ മൺറോയുടെ കുതിരയെ അടക്കം ചെയ്തിരിക്കുന്നത്. ഈ ശവക്കല്ലറ ഇന്നും ഭംഗിയായി സൂക്ഷിച്ചിരിക്കുന്നു. 170 കുടുംബങ്ങൾ ഉണ്ട്. എല്ലാവരും തോട്ടംതൊഴിലാളികളാണ്. ഇംഗ്ലീഷ്, മലയാളം, തമിഴ് ഈ ഭാഷകളിൽ ആരാധന നടത്തിവരുന്നു. വളരെ മനോഹരമായ ഒരു കാമ്പസ് ഉണ്ട്. ധാരാളം ഫോട്ടോകൾ ഇവിടെ വച്ച് എടുക്കുകയുണ്ടായി.

പിന്നീട് പരുന്തുംപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ കുറച്ചു സമയം ചെലവഴിച്ചു. അവിടെനിന്നുള്ള മനോഹര ദൃശ്യം ആരുടെയും മനം കുളിർക്കുന്നതാണ്. സ്രഷ്ടാവിനെ പാടിസ്തുതിച്ചു. അതിനുശേഷം മടക്കയാത്ര ആരംഭിച്ചു. ഏതാണ്ട് 9.30 മണിയോടുകൂടി മുണ്ടിയപ്പള്ളി പള്ളി അങ്കണത്തിൽ എത്തിച്ചേർന്നു.

തോട്ടപ്രദേശ മിഷനിലേക്കുള്ള സാമ്പത്തിക സഹായമായി, സ്ത്രീജനസംഘത്തിന്റെ 5000 രൂപയും യാത്രചെയ്തവരുടെ സംഭാവനയായി 17000 രൂപയും ചേർത്തു 22000 രൂപ നൽകി.

ഈ യാത്ര ക്രമീകരിച്ച വികാരി ജോസഫ് തോമസ് അച്ചനോടും അത്മായ സെക്രട്ടറി ശ്രീ. സാബു ജേക്കബിനോടുമുള്ള നന്ദി യാത്രചെയ്ത എല്ലാവരുടെയും പേരിൽ രേഖപ്പെടുത്തുന്നു.

# ദശാംശസ്തോത്രം/ഔദാര്യദാനസമർപ്പണം

## ജനുവരി

| | പേര് | തുക |
|---|---|---|
| 1 | അച്ചാമ്മ തോമസ്, പാമല പുത്തൻവീട് | 500 |
| 2 | പി.സി. കുര്യൻ, പാമല പുത്തൻവീട് | 500 |
| 3 | പി.സി. അലക്സാണ്ടർ, പാമല പുത്തൻവീട്ടിൽ | 500 |
| 4 | പി.സി. ജോൺ, ഓവിൽ പുതുപ്പറമ്പിൽ | 250 |
| 5 | പി.സി. ജേക്കബ്, ഓവിൽ പുതുപ്പറമ്പിൽ | 200 |
| 6 | സ്വാമി ദാസ്, പൂമാത്തിവിളെ പുത്തൻവീട് | 100 |
| 7 | എം.കെ. ചാക്കോ, മരുതുത്തുറ | 1500 |
| 8 | ജോൺ ചാക്കോ, കച്ചിറ | 1400 |
| 9 | എ.വി. വറുഗീസ്, ഏടേട്ട് | 200 |
| 10 | വറുഗീസ് റ്റി. കുരുവിള, തൈപ്പറമ്പിൽ | 500 |
| 11 | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 200 |
| 12 | ഫിലിപ്പ് ഹാനോക്ക്, പടിഞ്ഞാറേക്കുറ്റ് | 500 |
| 13 | ബാബു ജോർജ് ഏബ്രഹാം, ചേച്ചാകുന്നിൽ | 300 |
| 14 | പി.വി. ഇട്ടി, മണ്ണിൽമലയിൽ | 50 |
| 15 | പി.ജി. വറുഗീസ്കുട്ടി, മണ്ണിൽപീസ്ലാൻഡ് | 200 |
| 16 | ശോശാമ്മ ചെറിയാൻ, മുണ്ടയ്ക്കൽമലയിൽ | 50 |
| 17 | ബിജു ഹാനോക്ക്, പടിഞ്ഞാറേക്കൂറ്റ് | 800 |
| 18 | പി.വി. തങ്കച്ചൻ, പടിഞ്ഞാറേക്കൂറ്റ് | 500 |
| 19 | ഉഷാ വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 500 |
| 20 | ആശിഷ് വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 21 | ഏലിയാമ്മ ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 700 |
| 22 | കുഞ്ഞുമോൻ തോമസ്, വാണിയപ്പുരയ്ക്കൽ | 50 |
| 23 | ചെറിയാൻ യോഹന്നാൻ, ഇലഞ്ഞിമൂട്ടിൽ | 100 |
| 24 | വറുഗീസ് വറുഗീസ് പാറയിൽ പറമ്പത്ത് | 1000 |
| 25 | ബിജി ഉമ്മൻ ഈട്ടിയ്ക്കൽ | 500 |
| 26 | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 500 |
| 27 | ചിന്നമ്മ ഏബ്രഹാം, കാലാപ്പറമ്പിൽ | 100 |
| 28 | മാത്യു ചെറിയാൻ, തുണ്ടിയിൽവടക്കേതിൽ | 500 |
| 29 | കെ.കെ ജോർജ്, തുണ്ടിയിൽ | 200 |
| 30 | ഗീവർഗീസ് മാത്യു, പാണംകുളത്ത് | 300 |
| 31 | കെ.എ. ജോൺ, കാലാപ്പറമ്പിൽ | 200 |
| 32 | വർക്കി കുരുവിള, തൈപ്പറമ്പിൽ | 100 |
| 33 | സാറാമ്മ ചാണ്ടി, കുളങ്ങര | 2000 |
| 34 | ജേക്കബ് റ്റി. ജോർജ്, തുണ്ടിയിൽ | 200 |

| | | |
|---|---|---|
| 35 | മാത്യു തോമസ്, ചേച്ചാകുന്നിൽ | 300 |
| 36 | സുനോജ് ജേക്കബ് കുര്യൻ, തുണ്ടിയിൽ | 500 |
| 37 | റ്റി.ബി. ജോർജ്, തുണ്ടിയിൽ | 250 |
| 38 | ഷാജി ജോർജ്, മുല്ലപ്പള്ളിൽ | 500 |
| 39 | വർക്കി ജോർജ്, അമ്പാട്ടുകുന്നേൽ | 750 |
| 40 | ഏലിയാമ്മ ഈശോ, ഇലവിനാകുഴിയിൽ | 500 |
| 41 | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 50 |
| 42 | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 150 |
| 43 | കോരുള ജോൺ, ഇലവുങ്കൽ | 100 |
| 44 | ഇ.ജി. ജോൺ, ഇലവുങ്കൽ | 600 |
| 45 | റവ. ഇ.ജി. കോരുള, ഇലവുങ്കൽ | 1000 |
| 46 | ജോർജ് പി. ജോൺ പൗവ്വത്തിലാത്ത് | 500 |
| 47 | മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ | 1000 |
| 48 | എം.എം. ഏബ്രഹാം, മൈലയ്ക്കൽ | 2000 |
| 49 | സാബു തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 200 |
| 50 | ജോസഫ് തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 500 |
| 51 | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 500 |
| 52 | ബെൻസി കെ. തോമസ് തൊട്ടിപ്പാറയ്ക്കൽ | 500 |
| 53 | പി.എം. മാത്തുക്കുട്ടി, പണിക്കന്റേത്ത് തൊട്ടിപ്പായ്ക്കൽ | 500 |
| 54 | എം.സി. ഏബ്രഹാം, മൈലയ്ക്കൽ | 100 |
| 55 | എം.എം. മാത്യു, മൈലയ്ക്കൽ | 1000 |
| 56 | ശോശാമ്മ മത്തായി, ഇലവിനാക്കുഴിയിൽ | 150 |
| 57 | ഇ.സി. മാത്യു, ഇലവിനാക്കുഴിയിൽ | 300 |
| 58 | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജു വൻ | 500 |
| 59 | ചിന്നമ്മ ചാണ്ടി ഇലവിനാക്കുഴിയിൽ | 100 |
| 60 | റവ. ജോസഫ് തോമസ്, പാഴ്സനേജ് | 1000 |
| 61 | കുര്യൻ ചെറിയാൻ മുണ്ടയ്ക്കൽ മലയിൽ | 500 |
| 62 | എം.വി. കോശി, മുണ്ടയ്ക്കമലയിൽ | 200 |
| 63 | കുര്യൻ കെ. ജോൺ, കാഞ്ഞിരത്തുങ്കൽ | 500 |
| 64 | വറുഗീസ് ഈപ്പൻ, പാറയിൽ പീസ് കോട്ടേജ് | 500 |
| 65 | കുഞ്ഞമ്മ കുര്യൻ മുണ്ടയ്ക്കൽ മലയിൽ | 10000 |
| 66 | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 200 |
| 67 | സജി ഏബ്രഹാം, കുളങ്ങര രഹബോത്ത് | 2000 |
| 68 | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 300 |
| 69 | മേരി ചാണ്ടി, മൈലയ്ക്കൽ | 600 |
| 70 | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 300 |
| 71 | റ്റി.എ. വർഗീസ്, താഴികയിൽ | 300 |
| 72 | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 300 |
| 73 | വി.എ. മാത്യു, വെള്ളൂച്ചേരിൽ | 300 |

| | | |
|---|---|---|
| 74 | ഡോ. വി.ജെ. വറുഗീസ്, പാറയിൽ വള്ളോംകുന്ന് | 500 |
| 75 | ഏബ്രഹാം സി. ജോർജ്, ചേച്ചാകുന്നിൽ | 1000 |
| 76 | ജോൺ വർക്കി, കോട്ടയ്ക്കാപറമ്പിൽ | 100 |
| 77 | മറിയാമ്മ വർഗീസ്, മുണ്ടയ്ക്കൽ | 100 |
| 78 | റേച്ചൽ ജോർജ്, കാലാപ്പറമ്പിൽ | 350 |
| 79 | റിബേക്കാ ജോൺ, തൈപ്പറമ്പിൽ | 500 |
| 80 | ടോം ജോൺസൺ പാറയിൽ വള്ളോംകുന്ന് | 1000 |
| 81 | ഷൈജു കെ. വർഗീസ്, കൊച്ചുതുണ്ടിയിൽ | 300 |
| 82 | ഏലിയാമ്മ ചെറിയാൻ, താഴികയിൽ | 500 |
| 83 | ജൂലി ഷിബു, നെല്ലിമൂട്ടിൽ | 500 |
| 84 | അച്ചാമ്മ കുര്യൻ കൊച്ചുതുണ്ടിയിൽ | 200 |
| 85 | സഖറിയ ജോൺ, തുണ്ടിയിൽ | 500 |
| 86 | മാത്യു കെ. വർക്കി, കൊച്ചുതുണ്ടിയിൽ | 500 |
| 87 | സാജൻ പോൾ സിഡി സദനം | 500 |
| 88 | കെ. ഷൺമുഖം, നെല്ലിമൂട്ടിൽ | 100 |
| 89 | കെ.ജി. മാത്തുക്കുട്ടി, കാരിമൂട്ടിൽ | 122 |
| 90 | ലീലാമ്മ ഏബ്രഹാം, കാരിമൂട്ടിൽ | 200 |
| 91 | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 200 |
| 92 | സോമൻ ജോസഫ്, നെല്ലിമൂട്ടിൽ | 500 |
| 93 | ചാണ്ടി എൻ. ജോർജ്, നെല്ലിമൂട്ടിൽ | 1000 |
| 94 | കെ.വി. ജോൺ, കൊച്ചുതുണ്ടിയിൽ ജോയി വൻ | 600 |
| 95 | വറുഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 300 |
| 96 | കെ.വി. വർഗീസ്, കൊച്ചുപുരയ്ക്കൽ | 200 |
| 97 | കെ.കെ. ചെറിയാൻ കൊച്ചുപുരയ്ക്കൽ | 1000 |
| 98 | വിനു കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 500 |
| 99 | സാബു ജോൺ കോരുത്, കൊച്ചുമണ്ണിൽ | 1000 |
| 100 | വർഗീസ് തോമസ്, കൊച്ചുമണ്ണിൽ | 200 |
| 101 | കൊച്ചിട്ടി ഏബ്രഹാം, മണ്ണിൽ | 201 |
| 102 | ഈപ്പൻ കെ. ചെറിയാൻ, കട്ടത്ര | 500 |
| 103 | ജോൺ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 500 |
| 104 | ഇ.വി. ചെറിയാൻ, ഈട്ടിയ്ക്കൽ | 100 |
| 105 | ഇ.വി. ജേക്കബ്, ഈട്ടിയ്ക്കൽ | 150 |
| 106 | ഇ.വി. ജോർജ്, ഈട്ടിയ്ക്കൽ | 150 |
| 107 | ഇ.വി. ഏബഹാം. ഈട്ടിയ്ക്കൽ | 100 |
| 108 | സൂസമ്മ ജോർജ്, ആഞ്ഞിലിമൂട്ടിൽ | 2000 |
| 109 | വി.എ. ജോൺ, ആഞ്ഞിലിമൂട്ടിൽ | 500 |
| 110 | എ. ഏബ്രഹാം, ആഞ്ഞിലിമൂട്ടിൽ | 200 |
| 111 | ജോർജ് വർഗീസ്, തറികുന്നിൽ | 500 |
| 112 | ഡോ. മാത്യു ജോൺ, വല്ലേട്ട് | 1000 |

| | | |
|---|---|---|
| 113 | ഡോ. വി. ജോൺ, വല്ലേട്ട് | 4000 |
| 114 | സി.റ്റി. തോമസ്, ചേച്ചാകുന്നിൽ | 500 |
| 115 | ജേക്കബ് കുര്യൻ ആഞ്ഞിലിമൂട്ടിൽ | 100 |
| 116 | മേരി രാജു, ആഞ്ഞിലിമൂട്ടിൽ | 250 |
| 117 | സാബു ജേക്കബ്, താഴികയിൽ | 500 |
| 118 | ഇ.റ്റി. കോരുള, ഇലവുങ്കൽമലയിൽ | 500 |
| 119 | ജോൺ തോമസ്, ഇലവുങ്കൽമലയിൽ | 500 |
| 120 | അന്നമ്മ വർഗീസ്, തറികുന്നിൽ | 1000 |
| 121 | കോശി വർഗീസ്, തറികുന്നിൽ | 300 |
| 122 | അന്നമ്മ മാത്യു, ചക്കാലയിൽ | 300 |
| 123 | ജോൺ മാത്യു, ചക്കാലയിൽ സഞ്ജുവില്ല | 500 |
| 124 | കെ.കെ. കുരുവിള, കുളങ്ങര സാജൻവില്ല | 500 |
| 125 | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 300 |
| 126 | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 500 |
| 127 | സാറാമ്മ മാത്തുക്കുട്ടി, ഈട്ടിയ്ക്കൽ | 500 |
| 128 | റ്റി.വി. വർഗീസ്, തറികുന്നിൽ | 250 |
| 129 | രാജു എം. വർക്കി | 2100 |
| 130 | തോമസ്കുട്ടി എ.കെ. ആഞ്ഞിലിമൂട്ടിൽ | 200 |
| 131 | കോശി മാത്യു, ഒറ്റപ്ലാമൂട്ടിൽ | 100 |
| 132 | പി.കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 300 |
| 133 | ഗ്രേസി തോമസ്, ഒറ്റപ്ലാമൂട്ടിൽ | 100 |
| 134 | ഏലിയാമ്മ ചെറിയാൻ, നടുപ്പറമ്പിൽ | 20 |
| 135 | റ്റി.റ്റി. പോത്തൻ, തുരുത്തുമല | 300 |
| 136 | ജോൺ യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 150 |
| 137 | മാത്യു യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 100 |
| 138 | കോശി യോഹന്നാൻ , തുരുത്തുമല തകിടിയിൽ | 500 |
| 139 | ഷാജി പുന്നൂസ്, മംഗലത്ത് | 300 |
| 140 | സാബു ഏബ്രഹാം, തുരുത്തുമല | 600 |
| 141 | റേച്ചൽ വർഗീസ് മുണ്ടയ്ക്കൽമലയിൽ | 150 |
| 142 | വി.എം. സഖറിയ, വടശ്ശേരിൽ | 200 |
| 143 | ജിജി എം. സഖറിയ, വടശ്ശേരിൽ | 1000 |
| 144 | മോനച്ചൻ കുഞ്ഞുകുഞ്ഞ് | 200 |
| 145 | എം.പി. ഫിലിപ്പ് | 100 |
| 146 | ലീലാമ്മ തോമസ് | 500 |
| 147 | ജോൺ ഏബ്രഹാം, തുരുത്തുമല തകിടിയിൽ | 500 |
| 148 | എം.പി. പുന്നൂസ്, മംഗലത്ത് | 100 |
| 149 | പി.എ. അലക്സാണ്ടർ, കരിപ്പക്കുഴിയിൽ | 300 |
| 150 | അന്നമ്മ വർക്കി, ഈട്ടിയ്ക്കൽ | 200 |
| | **ആകെ** | **81721** |

# പിറന്നാൾ സ്തോത്രം
## മാർച്ച് - ഏപ്രിൽ

*On your Birthday we wish you all many many happy returns of the day.*

**മാർച്ച്**

| | | | |
|---|---|---|---|
| 1. | കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം | - | മൈലയ്ക്കൽ തോട്ടത്തിൽ |
| | മീന | - | മൈലയ്ക്കൽ തോട്ടത്തിൽ |
| | സാബു ഏബ്രഹാം | - | തുരുത്തുമല തകിടിയിൽ |
| 2. | റോജി മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| 4. | സ്റ്റെഫിൻ ജോൺ ബിനു | - | ആഞ്ഞിലിമൂട്ടിൽ |
| | ബിബി ജോൺ കുര്യൻ | - | മുണ്ടയ്ക്കൽ മലയിൽ |
| 5. | ജേക്കബ് ചെറിയാൻ | - | മുണ്ടയ്ക്കൽ മലയിൽ |
| 6. | മോൻസി ചെറിയാൻ | - | ഇലഞ്ഞിമൂട്ടിൽ |
| | സുമ എലിസബത്ത് ഉമ്മൻ | - | ഈട്ടിക്കൽ |
| 7. | ഏബ്രഹാം ഏബ്രഹാം | - | ചേച്ചാകുന്നിൽ മലയിൽ |
| | തോമസ് (കൊച്ചുമോൻ) | - | മൈലയ്ക്കൽ തോട്ടത്തിൽ |
| | സൂസമ്മ ജോർജ്ജ് | - | ആഞ്ഞിലിമൂട്ടിൽ |
| | എലിസബത്ത് ജോർജ്ജ് | - | പൗവ്വത്തിലാത്ത് |
| 8. | സിബിൻ വർഗ്ഗീസ് ജോർജ്ജ് | - | തെക്കേക്കുറ്റ് തകിടിയിൽ |
| | വർക്കി ജോർജ്ജ് | - | അമ്പാട്ടുകുന്നിൽ |
| 9. | ഷാജി പുന്നൂസ് | - | മംഗലത്ത് |
| | ലില്ലി ഫിലിപ്പ് | - | മംഗലത്ത് |
| | ജെയിൻ രാജു | - | ഈട്ടിക്കൽ |
| 10. | ഏബ്രഹാം മാത്യു | - | കാരിമൂട്ടിൽ |
| 12. | മേരി കോശി | - | തുരുത്തുമല തകിടിയിൽ |
| | അരുൺ. റ്റി. വർഗ്ഗീസ് | - | തുരുത്തുമല |
| | ഷോൺ മാമ്മൻ ജോൺ | - | തൊട്ടിപ്പാറയ്ക്കൽ |
| | ജിം | - | വടക്കേമുണ്ടയ്ക്കൽ |
| | ഡോ. അഞ്ജു കുരുവിള | - | കുളങ്ങര സാജൻവില്ല |
| 13. | ആശ്വാസ് ജേക്കബ് ജിജി | - | കരിപ്പക്കുഴിയിൽ |
| 14. | റോണി കോശി കുര്യൻ | - | മുണ്ടയ്ക്കൽ മലയിൽ |
| | തങ്കമ്മ വർക്കി | - | വടക്കേമുണ്ടയ്ക്കൽ |
| 15. | തോമസ് മാത്യു | - | ചക്കാലയിൽ പുത്തൻവീട് |
| | റോൺ. റ്റി. ജേക്കബ് | - | താഴിക മലയിൽ |
| | വർഗ്ഗീസ് പോൾ | - | പാണംകുളത്ത് |
| | എഫ്രയിൻ മോന ജേക്കബ് | - | മുണ്ടയ്ക്കൽ |
| 16. | യോഹന്നാൻ ചാക്കോ | - | കച്ചറ |
| 17. | ഏബ്രഹാം വർഗ്ഗീസ് | - | മഠത്തിൽമലയിൽ |
| | ജോർജ്ജ്. കെ. മാത്യു | - | കാരിമൂട്ടിൽ |
| | ബ്ലസൽ ജേക്കബ് സാബു | - | തുരുത്തുമല തകിടിയിൽ |
| 18. | സ്റ്റുബിൻ കുര്യൻ കുരുവിള | - | കൊച്ചുതുണ്ടിയിൽ |
| | ഷേർളി ജോൺ | - | തുരുത്തുമല തകിടിയിൽ |
| 19. | അന്നമ്മ ജേക്കബ് | - | നെല്ലിമൂട്ടിൽ |
| | കോശിതോമസ് | - | ഒറ്റപ്ലാമൂട്ടിൽ |
| | വർഗ്ഗീസ് ചെറിയാൻ | - | ഇലഞ്ഞിമൂട്ടിൽ |
| | സ്വേതാ അച്ചു സാബു | - | ചേച്ചാകുന്നിൽ |
| | സങ്കീർത്തൻ മാത്യു ഷിറിൻ | - | ഈട്ടിക്കൽ |
| | സൈജു വർഗീസ് | - | ഇലഞ്ഞിമൂട്ടിൽ |
| | സന്ധ്യാ സജു | - | മഠത്തിൽ |
| 21. | ലിയാൻ സൂസൻ ജോർജ്ജ് | - | കൊച്ചൂതുണ്ടിയിൽ |
| 22. | ഡോ. വി. ജോൺ | - | വല്ല്യേട്ട് |
| | ജേക്കബ്. റ്റി. ജോർജ്ജ് | - | തുണ്ടിയിൽ |
| | ഏദൻ റ്റോംസ് കുര്യൻ | - | കാഞ്ഞിരത്തിങ്കൽ |

| | | |
|---|---|---|
| 23. | റവ. പി. കെ. ചാക്കോ | - ഒറ്റപ്ലാമൂട്ടിൽ പീടികയിൽ |
| | വർഗ്ഗീസ് ചെറിയാൻ | - തറിക്കുന്നിൽ |
| | മേരി ചാണ്ടി | - മൈലയ്ക്കൽ പുത്തൻപുരയിൽ |
| | ജിബിൻ ഏബ്രഹാം ജോൺ | - തുരുത്തുമല തകിടിയിൽ |
| 24. | മറിയാമ്മ കോരുത് | - കൊച്ചുമണ്ണിൽ |
| | ജിറ്റ മെറിൻ ജോൺസൺ | - തൈപ്പറമ്പിൽ |
| 25. | ബിനു സാബു | - തുരുത്തുമല തകിടിയിൽ |
| 26. | ജിനു എൽസ ജേക്കബ് | - ഈട്ടിക്കൽ |
| | ബഞ്ചമിൻ വർഗ്ഗീസ് റോയി | - മുണ്ടയ്ക്കൽ മലയിൽ |
| | സാക്ക് മാത്യു ഏബ്രഹാം | - മൈലയ്ക്കൽ |
| | ജോൺ തോമസ് | - ഇലവുങ്കൽ മലയിൽ |
| | ലിൻസി രാജീവ് മോൻസി | - ഈട്ടിക്കൽ |
| 27. | റോബി ചാണ്ടി | - തൊട്ടിപ്പാറയ്ക്കൽ |
| | ജെറിൻ വർഗ്ഗീസ് കോശി | - തറിക്കുന്നിൽ |
| | ജോൺ ഫിലിപ്പ് | - വല്ല്യേട്ട്, കോട്ടയം |
| | ബെൻ വിൻസന്റ് മാത്യൂസ് | - തൊട്ടിപ്പാറയ്ക്കൽ |
| 28. | വർഗ്ഗീസ് കോശി | - മുണ്ടയ്ക്കൽ |
| | ബിജിത്ത് മാത്യു ഏബ്രഹാം | - വെള്ളൂച്ചേരിൽ |
| 29. | ക്രിസ്റ്റി ചെറി ചാക്കോ | - മുണ്ടയ്ക്കൽ പാറടിയിൽ |
| | മാത്യു കുളങ്ങര കുരുവിള | - കുളങ്ങര |
| 30. | നിമ്മി നൈനാൻ | - തറിക്കുന്നിൽ |
| | മെർലിൽ സൂസൻ ജോൺസൺ | - കട്ടത്ര |
| | അനീറ്റ സൂസൻ പോൾ | - പാണംകുളത്ത് |
| 31. | വർഗ്ഗീസ് മത്തായി | - മുണ്ടയ്ക്കൽ തെക്കേതിൽ |
| | ഓമന വർഗ്ഗീസ് | - പീസ്കോട്ടേജ് |
| | നമിത ലിസ് സാബു | - കൊച്ചുമണ്ണിൽ |
| | മീഖാൻ റ്റി. ഏബ്രഹാം | - തൈപ്പറമ്പിൽ |

**ഏപ്രിൽ**

| | | |
|---|---|---|
| 1 | പൊന്നമ്മ ചാണ്ടി | - തൊട്ടിപ്പാറയ്ക്കൽ |
| | ഹെലൻ. കെ. അച്ചുതോമസ് | - കാലാപ്പറമ്പിൽ |
| | ജിൻജു ജോൺ വർഗ്ഗീസ് | - കോട്ടയ്ക്കാപറമ്പിൽ |
| | റിൻസു എൽസാ റോയി | - മുണ്ടയ്ക്കൽ തെക്കേതിൽ |
| 2 | ജോൺ ഏബ്രഹാം | - മൈലയ്ക്കൽ |
| | എം. കെ. ചാക്കോ | - മരുതുത്തറ |
| | ലത എലിസബത്ത് ഏബ്രഹാം | - കാരിമൂട്ടിൽ |
| | ജെസ്സി രാജു | - ഈട്ടിക്കൽ |
| | ജോമോൾ റോബിൻ | - ഇലവിനാക്കുഴിയിൽ |
| | സ്നേഹമെറിൻ കുഞ്ഞുമോൻ | - വാണിയപ്പുരയ്ക്കൽ, ഇലഞ്ഞിമൂട്ടിൽ |
| 3. | സിറിൽ. വി. ജോൺ | - വല്ല്യേട്ട് |
| | ഏതൻ മനു വർഗ്ഗീസ് | - അമ്പാട്ടുകുന്നേൽ |
| | ഓസ്റ്റിൻ അലക്സ് | - മൈലയ്ക്കൽ പുത്തൻപറമ്പിൽ |
| 4. | കോശി വർഗ്ഗീസ് | - വടക്കേമുണ്ടയ്ക്കൽ മലയിൽ |
| | സൂസമ്മ ചെറിയാൻ | - കൊച്ചുപുരയ്ക്കൽ |
| | രാജീവ് ജോർജ്ജ് ഉമ്മൻ | - ഈട്ടിക്കൽ |
| | വർക്കി കുരുവിള | - തൈപ്പറമ്പിൽ |
| | സ്റ്റീവ് ജേക്കബ് ഷിബു | - നെല്ലിമൂട്ടിൽ |
| 5 | ഏബ്രഹാം ജോർജ്ജ് | - തെക്കേക്കുറ്റ് തകിടിയിൽ |
| | സോണി സുനിൽ തോമസ് | - പാമല പുത്തൻവീട് |
| 6 | ഷൈജു കെ. വർഗ്ഗീസ് | - കൊച്ചുതുണ്ടിയിൽ |
| | ലീന തോമസ് | - തൊട്ടിപ്പാറയ്ക്കൽ |
| | ജോൺ മാത്യു | - ചക്കാലയിൽ സജുവില്ല |
| | ജെരമിയാ വർഗ്ഗീസ് കുരുവിള | - കൊച്ചുപുരയ്ക്കൽ |
| | പി.കെ.കോശി | - ഒറ്റപ്ലാമൂട്ടിൽ |
| 7 | ഡോ. ലൈല മാത്യു | - വല്ല്യേട്ട് |
| | റിയ ജേക്കബ് | - താഴികമലയിൽ |

| | | | |
|---|---|---|---|
| | ഗർഷോൺ വർഗ്ഗീസ് ജിജോ | - | കോട്ടയ്ക്കാപ്പറമ്പിൽ |
| 8 | അന്നമ്മ ഏബ്രഹാം | - | നെല്ലിമൂട്ടിൽ |
| | അശ്വതി അനു മാത്യു | - | പാറടിയിൽ |
| | അനുഗ്രഹാ എൽസാ മാത്യു | - | വടശ്ശേരിൽ |
| 9 | മോൻസി മനു | - | അമ്പാട്ടുകുന്നിൽ |
| 11 | അന്നമ്മ തോമസ് | - | കൊച്ചുതുണ്ടിമലയിൽ |
| | ജോഹന്ന ജോർജ്ജ് | - | കാലാപ്പറമ്പിൽ |
| 12 | ജിജോ ചെറിയാൻ വർഗ്ഗീസ് | - | കോട്ടയ്ക്കാപ്പറമ്പിൽ |
| | കെ.ജെ. സാമുവൽ | - | കാവുമണ്ണിൽ |
| 13 | തങ്കമ്മ വർക്കി | - | ഈട്ടിക്കൽ |
| | സുബിൻ വർഗ്ഗീസ് | - | ഇലത്തിമൂട്ടിൽ |
| 14 | ഏലിയാമ്മ ഏബ്രഹാം | - | ഇലത്തിമൂട്ടിൽ |
| | റെജി എം. വർക്കി | - | ഈട്ടിക്കൽ |
| | ഐപ്പ് കെ. ചാണ്ടി | - | കുളങ്ങരബഥേൽ |
| | സിമി കെ. ചാണ്ടി | - | കുളങ്ങര |
| | ഷാലിൻ അന്ന സുരേഷ് | - | തുണ്ടിയിൽ |
| | പ്രീതി സാജൻ | - | സി.ഡി. സദനം |
| 15 | അനുബാ മെറിൻ വർക്കി | - | കോട്ടയ്ക്കാപറമ്പിൽ |
| 16 | അനീഷ് വർഗ്ഗീസ് | - | കൊച്ചുപുരയ്ക്കൽ |
| 17 | കുര്യൻ തോമസ് | - | കൊച്ചുതുണ്ടിയിൽ |
| | ശ്രേയ എൽസ മാത്യു | - | പാമല പുത്തൻവീട്ടിൽ |
| 19 | ഈപ്പൻ കെ. ചെറിയാൻ | - | കട്ടത്തറ |
| 20 | ജോർജ്ജ് കോശി | - | കാലാപ്പറമ്പിൽ |
| | സൂസൻ സാറാ സാം | - | ഇലവുങ്കൽ മേലേക്കൂറ്റ് |
| | എലിസബേത്ത് ജോൺസൺ | - | കട്ടത്ര |
| 21 | പി.ജി. വർഗ്ഗീസ് കുട്ടി | - | മണ്ണിൽപീസ് ലാന്റ് |
| | ജോർജ്ജ് പോൾ | - | പാണംകുളത്ത് പുത്തൻവീട്ടിൽ |
| | സുശീലാസാം | - | തൈപ്പറമ്പിൽ |
| | നിബിൻ മാത്യു | - | മുണ്ടയ്ക്കൽ തെക്കേതിൽ |
| | റോബിൻ കോശി വർഗീസ് | - | പാലയ്ക്കൽ |
| 22 | സ്നേഹ സാറാ സാബു | - | ചേച്ചാകുന്നിൽ |
| | റിയ അച്ചു ജോർജ്ജ് | - | ഇലവുങ്കൽ |
| | സാബുജോൺ കോരുത് | - | കൊച്ചുമണ്ണിൽ |
| 23 | എലിസബത്ത് പോൾ | - | പാണംകുളത്ത് |
| | ഷൈനി നൈനാൻ | - | കാലാപ്പറമ്പിൽ |
| | ജോർജ്ജ് ചെറിയാൻ | - | താഴികയിൽ പുത്തൻവീട്ടിൽ |
| | നോയൽ ജോസഫ് | - | പാഴ്സനേജ് |
| 24 | ഡെന്നീസ് മാമ്മൻ ഡേവിഡ് | - | മുണ്ടയ്ക്കൽ |
| | ഗബ്രിയേല ആൻ മരി ജോൺ | - | വല്യേട്ട് |
| 25 | വർഗ്ഗീസ് | - | തറിക്കുന്നിൽ |
| | കൊച്ചുമോൾ കോശി | - | തറിക്കുന്നിൽ |
| | വർഗ്ഗീസ് എ. വി. | - | എടേട്ട് |
| 26 | സൂസൻ തോമസ് | - | കാലാപ്പറമ്പിൽ |
| 27 | ചാണ്ടി ഏബ്രഹാം | - | മൈലയ്ക്കൽ |
| | അനിത ജിബി | - | തൊട്ടിപ്പാറയ്ക്കൽ |
| 28 | ബ്ലസൻ ജോർജ്ജ് | - | ആഞ്ഞിലിമൂട്ടിൽ |
| | ജിജി എം. സഖറിയാ | - | വടശ്ശേരിൽ |
| | റവ. ഷിബിൻ വർഗ്ഗീസ് | - | കൊച്ചുമണ്ണിൽ |
| | സുജ ജോൺ | - | മുണ്ടയ്ക്കമണ്ണിൽ |
| 29 | വർഗ്ഗീസ് ജോർജ്ജ് | - | വടക്കേ മുണ്ടയ്ക്കൽ |
| | ബെറിൻ ഷിജോദാസ് | - | പൂമാത്തിവിള പുത്തൻവീട് |
| | സാറാമ്മ കെ. ചാണ്ടി | - | കുളങ്ങര |
| 30 | ജോർജ്ജ് ഏബ്രഹാം | - | കാരിമൂട്ടിൽ |
| | ജീന സൂസൻ ഏബ്രഹാം | - | തൈപ്പറമ്പിൽ |

# വിവാഹ വാർഷിക സ്തോത്രം
## മാർച്ച് - ഏപ്രിൽ

*We wish the following many years of happy married life*

**മാർച്ച്**

1 കെ.കെ.കുരുവിള&സുസന്നാമ്മ കുരുവിള - കുളങ്ങര സാജൻവില്ല

16 ജോർജ്ജ് വർഗ്ഗീസ് & ശോശാമ്മ - തറിക്കുന്നിൽ

25 കെ. ഷൺമുഖം & കലാഷൺമുഖം - നെല്ലിമൂട്ടിൽ

**ഏപ്രിൽ**

4 സജു വർഗ്ഗീസ് & സന്ധ്യ - മഠത്തിൽ

5 വർഗ്ഗീസ് റ്റി. കുരുവിള & മിനി എലിസബത്ത് - തൈപ്പറമ്പിൽ

10 എം. ഒ. മാത്യു & സാറാമ്മ - ഈട്ടിക്കൽ

14 എം. ഒ. ഉമ്മൻ & അന്നമ്മ - ഈട്ടിക്കൽ

16 സാജൻ പോൾ & പ്രീതി - സി.ഡി. സദനം

17 Mrs. & Mr. ഇ. സി. മാത്യു - ഇലവിനാക്കുഴിയിൽ

18 ജോൺസൺ ഫിലിപ്പ് & ജിജി - തൈപ്പറമ്പിൽ

19 ചെറിയാൻ ജോർജ്ജ് & ഷെറിൻ എലിസബത്ത് - ഈട്ടിക്കൽ

21 ജോൺമാത്യു & ലിബി - വല്ലേട്ട്

കുഞ്ഞുമോൻ തോമസ് & സൂസൻ - വാണിയപ്പുരയ്ക്കൽ ഇലഞ്ഞിമൂട്ടിൽ

22 ഏബ്രഹാം കെ. ജോൺ & മേരി - കാലാപ്പറമ്പിൽ

23 ഡെനിഷ് ജേക്കബ് ജോൺ & റ്റാനിയ - വല്ലേട്ട്

25 Mrs. & Mr. വർഗ്ഗീസ് ജേക്കബ് - തൈപ്പറമ്പിൽ

27 ഏബ്രഹാം ഏബ്രഹാം & മറിയാമ്മ - മൈലയ്ക്കൽ

28 ജോൺസൺ റ്റി.പി. & മിനിമോൾ - തെക്കേക്കര

29 കെ.കെ. ചെറിയാൻ & സൂസമ്മ - കൊച്ചുപുരയ്ക്കൽ

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - ഡിസംബർ 2017

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം - ക്യാഷ് ഇൻ ഹാൻഡ് | 5302 | 90 | ലോക്കൽ അലവൻസ് | 3500 | 00 |
| ബാങ്ക് എസ്.ബി.ഐ. | 345319 | 37 | വാഹന അലവൻസ് | 6500 | 00 |
| സഹകരണ ബാങ്ക് | 1589619 | 19 | കപ്യാർ ശമ്പളം | 19200 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 2733710 | 00 | ഡി.എ. | 7680 | 00 |
| എൻഡോവ്മെന്റ് പലിശ | 335418 | 50 | പി.എഫ്. | 1280 | 00 |
| ഫെഡറൽ ബാങ്ക് | 269698 | 00 | പെട്രോൾ അലവൻസ് | 2000 | 00 |
| മാസവരി | 480 | 00 | വിശുദ്ധസംസർക്ഷം വക | 635 | 00 |
| ഞായർ പിരിവ് | 118682 | 00 | ടെലിഫോൺ | 2804 | 00 |
| പിടിയരി | 3125 | 00 | കറന്റ് ചാർജ്ജ് | 18579 | 00 |
| ദാനം/സ്തോത്രം | 7500 | 00 | മെയിന്റനൻസ് (ചർച്ച്) | 220460 | 00 |
| വിവാഹ വാർഷികം | 2800 | 00 | കമ്മറ്റി/കൗൺസിൽ | 1940 | 00 |
| പിറന്നാൾ സ്തോത്രം | 12300 | 00 | സാധുജന സഹായം | 200 | 00 |
| ആദ്യഫലം | 279825 | 00 | സ്റ്റേഷനറി | 3640 | 00 |
| വിവാഹ സംഭാവന | 1000 | 00 | പോസ്റ്റേജ്/അച്ചടി | 4840 | 00 |
| പള്ളി ഫീസുകൾ/സർട്ടിഫിക്കറ്റ് ഫീസ് | 100 | 00 | ലേബർ ചാർജ്ജ് | 17250 | 00 |
| ക്രിസ്മസ് സമ്മാനം | 15820 | 00 | ക്യൂറേറ്റ് അലവൻസ് | 13000 | 00 |
| വീഡിയോ ഫീസ് | 3000 | 00 | പലവക ചെലവുകൾ | 68945 | 00 |
| പ്രത്യേക മുതൽ സംഭാവന/വഞ്ചിക | 400 | 00 | ജനറേറ്റർ | 6591 | 00 |
| പ്രത്യേക കവർ പിരിവുകൾ | 18910 | 00 | ഗായകസംഘം | 22330 | 00 |
| മിഷനറി പ്രവർത്തനങ്ങൾ ഒറീസ മിഷൻ | 350 | 00 | കേന്ദ്രവിഹിതം | 60000 | 00 |
| കുട്ടനാടൻ മിഷൻ | 300 | 00 | ബാങ്ക് ചാർജ്ജ് | 1055 | 00 |
| തേക്കുമട്ടല | 150 | 00 | ചികിത്സാ സഹായം | 20000 | 00 |
| ചർക്കാരി | 650 | 00 | ആദ്യഫല ചെലവുകൾ | 18650 | 00 |
| എഫ്.എം.പി.ബി. | 150 | 00 | റ്റി.എ. | 25500 | 00 |
| പറക്കാൽ | 350 | 00 | പാഴ്സനേജ് കേടുപോക്ക് | 7961 | 00 |
| ട്രൈബൽ മിഷൻ | 250 | 00 | കമ്പ്യൂട്ടർ കേടുപോക്ക് | 25650 | 00 |
| മിഷൻസ് ഇൻഡ്യ | 50 | 00 | പള്ളി ഉപകരണങ്ങൾ | 27317 | 00 |
| തെലുങ്കാന മിഷൻ | 300 | 00 | നിർമ്മാണ പ്രവർത്തനം | | |
| എൻ.എം.എസ്. | 50 | 00 | (ജൂബിലി പ്രോജക്ട്) | 2298257 | 00 |
| മൈസൂർ മിഷൻ | 150 | 00 | മെഡിക്കൽ ബിൽ | 504 | 00 |
| ഐ.ഇ.എം. | 350 | 00 | | | |
| മലയോര മിഷൻ | 500 | 00 | | | |
| ഉത്തരാഞ്ചൽ മിഷൻ | 300 | 00 | | | |
| ബംഗാൾ മിഷൻ | 3600 | 00 | | | |
| പലവക/മറ്റിനം | 2500 | 00 | | | |
| സുവനീർ | 3000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ജൂബിലി ഡവലപ്മെന്റ് ഫണ്ട് | 1398725 | 00 | | | |
| **ആകെ വരവ്** | **7155734** | **96** | **ആകെ ചെലവ്** | **2906268** | **00** |

| | | |
|---|---|---|
| **ആകെ വരവ്** | 7155734 | 96 |
| **ആകെ ചെലവ്** | 2906268 | 00 |
| **മിച്ചം** | 4249466 | 96 |

# സെൻ്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

**മാസത്തിരട്ട് - ജനുവരി 2018**

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം - ക്യാഷ് ഇൻ ഹാൻഡ് | 2503 | 90 | ലോക്കൽ അലവൻസ് | 1750 | 00 |
| ബാങ്ക് എസ്.ബി.ഐ. | 345319 | 37 | വാഹന അലവൻസ് | 3250 | 00 |
| സഹകരണ ബാങ്ക് | 134270 | 19 | കപ്യാർ ശമ്പളം | 6400 | 00 |
| എൻഡോവ്മെൻ്റ് എഫ്.ഡി. | 3233710 | 00 | ഡി.എ. | 2560 | 00 |
| എൻഡോവ്മെൻ്റ് പലിശ | 335418 | 50 | പി.എഫ്. | 640 | 00 |
| ഫെഡറൽ ബാങ്ക് | 198245 | 00 | പെട്രോൾ അലവൻസ് | 1000 | 00 |
| മാസവരി | 10730 | 00 | വിശുദ്ധ സംസർക്ഷംവക | 645 | 00 |
| ഞായർ പിരിവ് | 33574 | 00 | ടെലിഫോൺ | 856 | 00 |
| പിടിയരി | 3845 | 00 | മെയിൻ്റനൻസ് (ചർച്ച്) | 73000 | 00 |
| ദാനം/സ്തോത്രം | 6900 | 00 | കമ്മറ്റി/കൗൺസിൽ | 400 | 00 |
| വിവാഹ വാർഷികം | 6000 | 00 | സ്റ്റേഷനറി | 931 | 00 |
| പിറന്നാൾ സ്തോത്രം | 8990 | 00 | പോസ്റ്റേജ്/അച്ചടി | 612 | 00 |
| ആദ്യഫലം | 14710 | 00 | ലേബർ ചാർജ് | 500 | 00 |
| വിവാഹ സംഭാവന | 11000 | 00 | പലവക ചെലവുകൾ | 17487 | 00 |
| പള്ളി ഫീസുകൾ/സർട്ടിഫിക്കറ്റ് ഫീസ് | 200 | 00 | ജനറേറ്റർ | 8028 | 00 |
| കല്ലറ ഫീസ് | 15000 | 00 | കേന്ദ്രവിഹിതം | 60000 | 00 |
| ക്രിസ്മസ് സമ്മാനം | 600 | 00 | ബാങ്ക് ചാർജ്ജ് | 433 | 00 |
| വീഡിയോ ഫീസ് | 6000 | 00 | കൺവൻഷൻ/ഓണവാരം | 9550 | 00 |
| പ്രത്യേക കവർ പിരിവുകൾ | 4160 | 00 | ചികിത്സാ സഹായം | 30000 | 00 |
| മിഷനറി പ്രവർത്തനങ്ങൾ ഒറീസ മിഷൻ | 50 | 00 | റ്റി.എ. | 3250 | 00 |
| തേക്കുമട്ടല | 150 | 00 | നിർമ്മാണ പ്രവർത്തനം | | |
| ചർക്കാരി | 150 | 00 | (ജൂബിലി പ്രോജക്ട്) | 532299 | 00 |
| എഫ്.എം.പി.ബി. | 450 | 00 | മെഡിക്കൽ ബിൽ | 2544 | 00 |
| പറക്കാൽ | 350 | 00 | വെബ്സൈറ്റ് | 2420 | 00 |
| | | | ക്യൂറേറ്റ് അലവൻസ് | 6500 | 00 |
| ട്രൈബൽ മിഷൻ | 350 | 00 | ഗായകസംഘം | 6216 | 00 |
| മിഷൻസ് ഇൻഡ്യ | 350 | 00 | | | |
| എൻ.എം.എസ്. | 350 | 00 | | | |
| മൈസൂർ മിഷൻ | 150 | 00 | | | |
| ഐ.ഇ.എം. | 50 | 00 | | | |
| ബംഗാൾ മിഷൻ | 4100 | 00 | | | |
| ഗായകസംഘം | 12000 | 00 | | | |
| ദശാംശ സ്തോത്രം | 81721 | 00 | | | |
| സുവനീർ | 13000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ജൂബിലി ഡവലപ്മെൻ്റ് ഫണ്ട് | 393980 | 00 | | | |
| ആകെ വരവ് | 4879376 | 96 | ആകെ ചെലവ് | 771271 | 00 |

| | | |
|---|---|---|
| **ആകെ വരവ്** | **4879376** | **96** |
| **ആകെ ചെലവ്** | **771271** | **00** |
| **മിച്ചം** | **4108105** | **96** |

# സഭാപഞ്ചാംഗം

**മാർച്ച്**

| | | | |
|---|---|---|---|
| 11.03.2018 | **ഉയിർപ്പിന് മുമ്പ് 3-ാം ഞായർ** | | |
| | (വിമോചനം നല്കുന്ന സത്യാരാധന) | | |
| | പുറ. 3:11-18 | അ.പ്ര. 16:25-34 | |
| | സങ്കീ. 137 | ലൂക്കൊ. 13:10-17 | |
| 18.03.2018 | **ഉയിർപ്പിന് മുമ്പ് 2-ാം ഞായർ** | | |
| | (കുരിശ്: മശിഹായുഗത്തിന്റെ നവദർശനം) | | |
| | ആവ. 18:15-22 | 2കൊരി. 1:3-11 | |
| | സങ്കീ. 73 | ലൂക്കൊ. 18:35-43 | |
| 25.03.2018 | **ഹോശന്നാ ഞായർ** | | |
| | (ഹോശന്നാ: ദൈവാലയത്തിൽ പുതിയ രാജാവ്) | | |
| | യെശ. 56:1-8 | 1കൊരി. 2:16-23 | |
| | സങ്കീ. 24 | മത്താ. 21:1-17 | |
| 29.03.2018 | **പെസഹ വ്യാഴം** | | |
| | (വിശുദ്ധ യുക്കറിസ്റ്റ്: ഓർമ്മയുടെ ആഘോഷം) | | |
| | പുറ. 12:1-17 | 1കൊരി. 11:23-34 | |
| | സങ്കീ. 116 | മത്താ. 26:17-30 | |
| 30.03.2018 | **വലിയ വെള്ളി** | | |
| | (കുരിശ്: മരണത്തിന്മേൽ ജയം) | | |
| | സംഖ്യ 21:1-9 | 1കൊരി. 15:50-58 | |
| | സങ്കീ. 22 | മത്താ. 27:1-56 | |

**ഏപ്രിൽ**

| | | |
|---|---|---|
| 01.04.2018 | **ഉയിർപ്പിന് ഞായർ** | |
| | (ഉയിർപ്പ്: രക്ഷയുടെ സന്തോഷം ആഘോഷിക്കുക) | |
| | പുറ. 14:5-31 | കൊലൊ. 3:1-11 |
| | സങ്കീ. 118:14-29 | മത്താ. 28:1-10 |
| 08.04.2018 | **ഉയിർപ്പിന് പിമ്പ് 1-ാം ഞായർ** | |
| | (പുനരുത്ഥാനം ചെയ്ത കർത്താവുമായുള്ള അഭിമുഖം) | |
| | ഉല്പ. 32:22-32 | അ.പ്ര. 9:1-18 |
| | സങ്കീ. 40 | യോഹ. 20:24-29 |
| 15.04.2018 | **ഉയിർപ്പിന് പിമ്പ് 2-ാം ഞായർ** | |
| | (തൊഴിലിടങ്ങളിൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ തിരിച്ചറിയുക) | |
| | രൂത്ത് 2:1-18 | അ.പ്ര. 9:36-43 |
| | സങ്കീ. 15 | യോഹ. 21:1-14 |
| 22.04.2018 | **ഉയിർപ്പിന് പിമ്പ് 3-ാം ഞായർ** | |
| | (ഉയിർപ്പിന്റെ അനുഭവത്തിൽ സമൂഹ രൂപീകരണം) | |
| | യെശ. 25:1-9 | അ.പ്ര. 4:32-37 |
| | സങ്കീ. 126 | ലൂക്കൊ. 24:13-35 |

29.04.2018 **ഉയിർപ്പിന് പിമ്പ് 4-ാം ഞായർ**
(ഉയിർപ്പ്: ക്രിസ്തുവിലുള്ള വിശ്വാസം)
2രാജാ. 4:27-37 അ.പ്ര. 26:12-23
സങ്കീ. 90 യോഹ. 11:17-28

**മെയ്**

06.05.2018 **ഉയിർപ്പിന് പിമ്പ് 5-ാം ഞായർ**
(ദൗത്യനിർവ്വഹണത്തിന് ക്രിസ്തു ക്ഷണിക്കുന്നു)
യെഹെ. 34:25-31 1പത്രൊ. 2:1-10
സങ്കീ. 47 യോഹ. 20:19-23

# Write & Win

**അപ്പൊസ്തല പ്രവൃത്തികൾ 21-28**

1. പൗലൊസ് ന്യായപ്രമാണം അഭ്യസിച്ചത് ആരുടെ അടുക്കൽ?
2. 'ഈ മനുഷ്യൻ ഒരു കൊലപാതകൻ' - ആര് ആരേക്കുറിച്ചു പറഞ്ഞു?
3. ഔഗുസ്ത്യ പട്ടാളത്തിലെ ശതാധിപൻ ആര്?
4. മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യണമെന്ന് പൗലൊസ് ആദ്യം പ്രസംഗിച്ചത് എവിടെ?
5. മ്നാസോന്റെ സ്വദേശം?
6. 'നിങ്ങൾ ചെവികൊണ്ട് കേട്ടിട്ടും ഗ്രഹിക്കാതിരിക്കും; കണ്ണുകൊണ്ട് കണ്ടിട്ടും കാണാതിരിക്കും' എന്ന് പ്രവചിച്ചത് ആര്?
7. അദ്രിയക്കടലിൽ പൗലൊസിനോടൊപ്പം കപ്പലിൽ എത്ര പേർ ഉണ്ടായിരുന്നു?
8. ഫേലിക്സിന്റെ ഭാര്യ?
9. പുനരുത്ഥാനം ഇല്ല എന്ന് പറയുന്നത് ആര്?
10. പൗലൊസിന്റെ വായ്ക്ക് അടിക്കാൻ കല്പിച്ചത് ആര്?
11. വാദികളും കൂടെ വന്നുചേരുമ്പോൾ നിന്നെ വിസ്തരിക്കാം എന്ന് പൗലൊസിനോട് പറഞ്ഞത് ആര്?
12. പൗലൊസിനോട് ദയ കാണിച്ച ശതാധിപൻ ആര്?
13. ശീതകാലം കഴിപ്പാൻ സാദ്ധ്യമല്ലാതിരുന്ന തുറമുഖം?
14. വിദ്യാബഹുത്വത്താൽ നിനക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്നു എന്ന് പറഞ്ഞത് ആര്?
15. പൗലൊസിന്റെ അരക്കച്ച എടുത്ത് തന്റെ കൈകാലുകളെ കെട്ടിയത് ആര്?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: ഏപ്രിൽ 8 ഞായർ**

കഴിഞ്ഞ ലക്കം Write and Win മത്സരത്തിലെ വിജയി:
**എലിസബത്ത് വർക്കി തൈപ്പറമ്പിൽ**
ഈ ലക്കം സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്:
**ജോസഫ് തോമസ് വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ**

# നേട്ടങ്ങൾ

മഹായിടവക തലത്തിൽ നടത്തപ്പെട്ട സൺഡേ സ്കൂൾ മെറിറ്റ് പരീക്ഷയിൽ പ്രൈമറി വിഭാഗത്തിൽ 2–ാം സ്ഥാനം നേടിയ എമിലിയ ആൻ സാം, ജൂണിയർ വിഭാഗത്തിൽ 92% മാർക്ക് വാങ്ങിയ ഒലിവിയ ടിങ്കിൾ സാം, അദ്ധ്യാപക പരീക്ഷയിൽ സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ബീന അനിൽ എന്നിവർ അഭി. തോമസ് കെ. ഉമ്മൻ തിരുമേനിയിൽനിന്നും സമ്മാനങ്ങൾ ഏറ്റുവാങ്ങുന്നു. സഭയുടെ അനുമോദനങ്ങൾ.












ഓൾ ഇന്ത്യാ അവാർഡി ടീച്ചേഴ്സ് ഫെഡറേഷന്റെ 2017–ലെ ഗുരുശ്രേഷ്ഠ പുരസ്കാരത്തിന് അർഹനായ മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ തൊട്ടിപ്പാറയ്ക്കൽ ബെൻസി കെ. തോമസ് പുരസ്കാരം ഏറ്റുവാങ്ങുന്നു. 2008–ൽ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയിലെ മികച്ച അദ്ധ്യാപകനുള്ള ടീച്ചർ എക്സലൻസി അവാർഡ് നേടിയിട്ടുണ്ട്. മല്ലപ്പള്ളി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ഡയറക്ടറായും മഹായിടവക കൗൺസിൽ അംഗമായും പ്രവർത്തിക്കുന്നു. സഭയുടെ അഭിനന്ദനങ്ങൾ.

Your Life was a blessing, Your memory a treasure
you are loved beyond words, and missed beyond measure.



**ROY M. VARKEY, EATTICKAL**
(06 .06.1960 - 06 .03. 2016)

Inserted by
**Sorrowing Family**